# പതിനാലാം കേരളനിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 5383      31.10.2016 ൽ മറുപടിയ്ക്ക്

### പുകവലിയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് അവബോധം

| ചോദ്യം<br>ശ്രീ. വി.എസ്. ശിവകുമാർ | | മറുപടി<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) പുകവലിയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്കിടയിൽ അവബോധം നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം? | (എ) | സിഗരറ്റ്സ് & അതർ ടുബാക്കോ പ്രോഡക്ട്സ് ആക്ട് (കോട്പ) നിയമത്തിന്റെ ചുവടുപിടിച്ച് വിദ്യാലയങ്ങളുടെ 100 വാര ചുറ്റളവിൽ പുകയില ഉൽപ്പന്നങ്ങൾ വിൽക്കുന്നത് കർശനമായി നിരോധിച്ചിട്ടുണ്ട്. സ്കൂളുകളും പരിസരങ്ങളും പുകയില വിമുക്തമായി പ്രഖ്യാപിക്കുകയും ഇത് ഉറപ്പാക്കുന്നതിനായി ആരോഗ്യവകുപ്പും വിദ്യാഭ്യാസവകുപ്പും കർശന ജാഗ്രത പുലർത്തുകയും ചെയ്യുന്നുണ്ട്. 18 വയസ്സിൽ താഴെയുള്ളവർ പുകയില ഉൽപ്പന്നങ്ങൾ വിൽക്കുന്നതും, ഈ പ്രായക്കാർ പുകയില കൈവശം വയ്ക്കുന്നതും നിയമപ്രകാരം നിരോധിച്ചിട്ടുണ്ട്. സിഗരറ്റ് വിൽപ്പന കേന്ദ്രങ്ങളിൽ 18 വയസ്സിന് താഴെയുള്ളവർക്ക് പുകയില ഉൽപ്പന്നങ്ങൾ വിൽക്കില്ല എന്ന സചിത്ര മുന്നറിയിപ്പ് ബോർഡുകളും നിർബന്ധമാക്കിയിട്ടുണ്ട്. ഇതിന് പുറമേ വിദ്യാർത്ഥികൾക്കായി ബോധവൽക്കരണ സെമിനാറുകൾ, എക്സിബിഷനുകൾ, മത്സരങ്ങൾ, കൂട്ടനടത്തം തുടങ്ങിയ പദ്ധതികളും എല്ലാ സാമ്പത്തിക വർഷവും നടപ്പിലാക്കി വരുന്നു. ആരോഗ്യ വകുപ്പ് നേരിട്ടും ആഭ്യന്തര വകുപ്പുമായി ചേർന്നും വിദ്യാലയങ്ങളിലും പരിസര പ്രദേശങ്ങളിലും റെയ്ഡുകൾ നടത്തുകയും അനധികൃത പുകയില ഉൽപ്പന്നങ്ങൾ പിടിച്ചെടുക്കുകയും കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ